ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ നടത്തിയ സർവ്വേ

108 (884) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ സർവ്വേ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് എത്ര ശതമാനം പേർ ബി.പി.എൽ-ൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ഡി) സർക്കാർ നടത്തിയ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പത്താം പദ്ധതിയ്ക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടന്നു വരുന്നതേയുള്ളൂ. സെൻസസ് പൂർത്തീകരിച്ചിട്ടില്ല.

(ബി) സെൻസസ് പൂർത്തിയാകുമ്പോൾ മാത്രമേ ഈ വിവരം ലഭ്യമാകൂ.

(സി&ഡി) സെൻസസ് പൂർത്തിയാകാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

നബാർഡ് ധനസഹായത്തോടുകൂടി നടത്തുന്ന റോഡുനിർമ്മാണം

109 (885) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി ബ്ലോക്കിൽ നിന്നും നബാർഡ് ധനസഹായത്തോടുകൂടി റോഡു നിർമ്മാണത്തിനായി നൽകിയ പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഫണ്ടനുവദിക്കാൻ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ ;

(സി) ആർ.ഐ.ഡി.എഫ്. 8-ൽ റാന്നി ബ്ലോക്കിന് അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ആർ.ഐ.ഡി.എഫ്. 9-ൽ എത്ര തുകയുടെ പ്രൊപ്പോസലുകൾ ആണ് റാന്നി ബ്ലോക്കിന് നൽകാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന ആർ.ഐ.ഡി.എഫ് (ആർ.ഐ.ഡി.എഫ്.VIII) റോഡ് പദ്ധതിയിൽ പരിഗണിക്കാനായി താഴെപ്പറയുന്ന 5 പ്രൊപ്പോസലുകൾ റാന്നി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly